# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4017** **25.06.2018-ൽ മറുപടിയ്ക്ക്**

**ആദിവാസികൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| ചോദ്യം | | മറുപടി | |
| എ) | പട്ടികവർഗ്ഗ മേഖലയിൽ ആദിവാസികൾക്ക് ഭവനനിർമ്മാണത്തിനായി ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശം നൽകമോ; | എ) | പട്ടികവർഗ്ഗ മേഖലയിൽ ആദിവാസികൾക്ക് ഈ വർഷം മുതൽ ലൈഫ് മിഷൻ പദ്ധതി വഴിയാണ് ഭവന നിർമ്മാണം ഏറ്റെടുക്കുന്നത്. |
| ബി) | ആദിവാസികളിൽ ചിലരുടെ മാത്രം വീട്ടുപണിയ്ക്കിടെ പ്രാഥമിക സൗകര്യങ്ങളും വാതിലും ശൗചാലയവും പൂർത്തിയായപ്പോൾ ഭവനനിർമ്മാണം പൂർണ്ണമായി എന്ന നിഗമനത്തിൽ ഭവന നിർമ്മാണത്തിനായി അനുവദിച്ച തുകയിൽ അവസാന ഗഡുവും നൽകി ധനസഹായം അവസാനിപ്പിച്ച സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദവിവരം നൽകാമോ; | ബി) | അത്തരത്തിലുള്ള സാഹചര്യം ഉണ്ടായിട്ടില്ല. 11/10/2017 ലെ സ.ഉ(എം.എസ്)നം. 196/2017/തസ്വഭവ പ്രകാരം ഉറപ്പുള്ള ഭിത്തിയിൽ സ്ഥിരമായ മേൽക്കൂര ഉള്ളതും അടച്ചുറപ്പുള്ള വാതിലുകളുമുള്ള വീടാണെങ്കിൽ വാസയോഗ്യമായ ഭവനമായി ലൈഫ് മിഷന്റെ മാനദണ്ഡപ്രകാരം കണക്കാക്കുന്നു. എന്നാൽ പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങളുടെ പ്ലാസ്റ്ററിംഗ്, ഫ്ളോറിംഗ്, വയറിംഗ്, ടോയ്‌ലറ്റ്, വൈറ്റ് വാഷ് തുടങ്ങിയ പ്രവൃത്തികൾ ചെയ്തിട്ടില്ലാത്ത ഭവനങ്ങളെ പൂർത്തീകരിക്കാത്ത ഭവനങ്ങളായി കണക്കാക്കി ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നു. അത്തരത്തിൽ വാസയോഗ്യമായ രീതിയിൽ പൂർത്തീകരിക്കുന്ന വീടുകളെ അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണയ പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് അവസാനഗഡു അനുവദിച്ചു നൽകുന്നത്. |
| സി) | ആദിവാസി മേഖലയിലെ ഭവനനിർമ്മാണത്തിനായി ഫണ്ട് | സി) | 2016 മാർച്ച് 31-ന് മുൻപ് വിവിധ ഭവനനിർമ്മാണ ധനസഹായ |

| | | | |
|---|---|---|---|
| | അനുവദിച്ച 2016 മാർച്ച് 31-ന് മുമ്പേ പണി തുടങ്ങിയ അഞ്ചൂറോളം വീടുകളെ അവയുടെ പൂർത്തീകരണത്തിനായി തിരുവനന്തപുരം ജില്ലയിലെ ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ മുൻകൂർ ഫണ്ട് കൈപ്പറ്റി വിവിധ കാരണങ്ങളാൽ വീടുപണി പൂർത്തിയാകാത്ത ഗുണഭോക്താക്കൾക്ക് ഏതെല്ലാം അധികസഹായമാണ് ലൈഫ് പദ്ധതി വഴി അനുവദിക്കുന്നത്; | | ത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള തുക കൈപ്പറ്റുകയും ടി പ്രവർത്തി പൂർത്തീകരിക്കാതെ വരികയും ചെയ്ത 472 ഗുണഭോക്താക്കളെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വീടു പണി പുരോഗമിച്ചു വരുന്നു. |
| ഡി) | ആദിവാസി വിഭാഗത്തിലെ കുറച്ചുപേർക്ക് വീടുപണി പൂർത്തിയായി എന്ന നിഗമനത്തിൽ ധനസഹായം അവസാനിപ്പിച്ചതും മറ്റുചിലർക്ക് വീട് പൂർത്തീകരിക്കുന്നതിനായി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീണ്ടും ധനസഹായം അനുവദിക്കുന്നതിലെയും വിവേചനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപൂർണ്ണാവസ്ഥയിൽ ധനസഹായം അവസാനിപ്പിച്ചതുകാരണം വീടുപണി പൂർത്തീകരിക്കാൻ സാധിക്കാത്ത ആദിവാസികളെക്കൂടി ലൈഫ് പദ്ധതിയിലുൾപ്പെടുത്തി സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | ഡി) & ഇ) | ഇത്തരത്തിലുള്ള പ്രശ്നം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| ഇ) | അരുവിക്കര നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ഇത്തരത്തിലുള്ള എത്ര ഗുണഭോക്താക്കളാണുള്ളതെന്ന് വ്യക്തമാക്കാമോ; ഇവരുടെ വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ